" ഭരണഭാഷ മാതൃഭാഷ "

## എക്സൈസ് കമ്മീഷണറുടെ നടപടിക്രമം, കേരളം, തിരുവനന്തപുരം.
**(സാന്നിദ്ധ്യം: എസ് ആനന്ദകൃഷ്ണൻ,ഐ.പി.എസ്)**

വിഷയം:- എക്സൈസ് ഭരണപരം - എക്സൈസ് വകുപ്പിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്ക് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1)14.05.2021 -ലെXD3/248635/2020 നമ്പർ ഉത്തരവ്.
2) 15.05.2021-ലെXD3/248635/2020 നമ്പർ ഉത്തരവ്.
3) 06.04.2022 -ലെXD3/248635/2020 നമ്പർകത്ത്.
4) 19.05.2022 -ലെ എഫ്1/111/2022/നി.വ നമ്പർ സർക്കാർ കത്ത്.
5) 24.02.2021 -ലെ എഫ്1/260/2020/നി.വ നമ്പർ സർക്കാർ കത്ത്.

**ഉത്തരവ് നമ്പർ XD3-248635/2020തീയതി:18.06.2022**

എക്സൈസ് വകുപ്പിലെ പ്രിവന്റിവ് ഓഫീസർമാർക്ക് പരാമർശം (2) പ്രകാരം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തിയിലേയ്ക്ക് കെ എസ് ആന്റ് എസ് എസ് ആർ ചട്ടം 31(a)(i) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിരുന്നു. നിലവിൽ എക്സൈസ് വകുപ്പിലെ സൂപ്പർവൈസറി തസ്തികകളായ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ എന്നീ തസ്തികകളിലേയ്ക്കുള്ള റഗുലർസ്ഥാനക്കയറ്റം നടത്താൻ കഴിയാത്ത സാഹചര്യം പരിഗണിച്ച് പരാമർശം (1) പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രിവന്റിവ് ഓഫീസർമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ നിന്നും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തിയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച പ്രിവന്റീവ് ഓഫീസർമാർക്ക് കെ എസ് ആന്റ് എസ് എസ് ആർ ചട്ടം 31(a)(i) പ്രകാരം, എക്സൈസ് ഇൻസ്പെക്ടർ തസ്തികകളിലേക്ക് തുടർന്നും താൽക്കാലിക സ്ഥാനക്കയറ്റം നടത്താൻ പരാമർശം (4) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (2) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ തുടരുന്ന താഴെ പറയുന്ന 62 പേർക്കും , അതോടൊപ്പം റഗുലർ സ്ഥാനക്കയറ്റം ലഭിച്ച് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ തുടരുന്ന 4 പേരും ഉൾപ്പെടെ 66 പേർക്ക് കെ എസ് ആന്റ് എസ് എസ് ആർ ചട്ടം 31(a)(i) പ്രകാരം എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

1).താൽക്കാലിക പ്രൊമോഷനുകൾ സീനിയോറിറ്റി സംബന്ധമായി നിലവിലുള്ള കോടതി കേസുകളിലെ അന്തിമ വിധിന്യായങ്ങൾക്ക് വിധേയമായിരിക്കും.

2).പ്രസ്തുത താൽക്കാലിക പ്രൊമോഷനുകൾമൂലം പ്രൊമോഷൻ തസ്തികയിൽ സീനിയോറിറ്റി, പ്രൊബേഷൻ, ഭാവിയിൽ ടി തസ്തികയിലേക്കുള്ള റെഗുലർ പ്രൊമോഷനുകൾ എന്നിവയ്ക്ക് യാതൊരു അവകാശവാദങ്ങളും ഉന്നയിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

3). ഇപ്രകാരം സ്ഥാനക്കയറ്റം നേടുന്നവർക്ക് സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ Pay fixation –ന് അർഹതയുണ്ടായിരിക്കുന്നതല്ല

| ക്രമ നമ്പർ | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർമാരുടെ പേര് | ഓഫീസ് | താത്കാലിക സ്ഥാനകയറ്റം നൽകി നിയമിക്കുന്ന ഓഫീസ്. |
|---|---|---|---|
| 1 | ആർ.വി.മോനി രാജേഷ് | എക്സൈസ് റേഞ്ച് ഓഫീസ് കാട്ടാക്കട | എക്സൈസ് സർക്കിൾ ഓഫീസ്, നെയ്യാറ്റിൻകര |
| 2 | സാജു | എക്സൈസ് റേഞ്ച് ഓഫീസ്, കിളിമാനൂർ | എക്സൈസ് സർക്കിൾ ഓഫീസ്, തിരുവനന്തപുരം |